No. കെ1-19168/11/CT

വാണിജ്യ നികുതി കമ്മീഷണറേറ്റ്
തിരുവനന്തപുരം
തീയതി : 25-6-2011

പ്രേഷിതൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ -II

സ്വീകർത്താവ്

ശ്രീ.എം പി.ശിവദത്തൻ
മാവുങ്കൽ വീട്
കുമ്പളങ്ങി പി.ഒ
കൊച്ചി 7.

സർ,

വിഷയം :- വിവരാവകാശനിയമം -05 ഹോം സ്റ്റേകൾക്കുള്ള ലക്ഷറി ടാക്സ് സംബന്ധിച്ച് ശ്രീ. എം. പി ശിവദത്തൻ നികുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച അപേക്ഷ മറുപടി സംബന്ധിച്ച്.

സൂചന :- 1 നമ്പർ 10506/ബി1/2011 നി.വ തീയതി 6-6-2011, അണ്ടർ സെക്രട്ടറി & സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, നികുതി (ബി) വകുപ്പ്, തിരുവനന്തപുരം.
2 നമ്പർ 11214/ബി1/2011 നി.വ തീയതി 15-6-2011, അണ്ടർ സെക്രട്ടറി & സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, നികുതി (ബി) വകുപ്പ്, തിരുവനന്തപുരം.
3. 6-6-2011, 15-6-2011 തീയതികളിൽ ലഭിച്ച 23-5-2011, 8-6-2011 ലെ അപേക്ഷ

സൂചനകൾ പ്രകാരം താങ്കൾ വിവരാവകാശ നിയമ പ്രകാരം വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് 23-5-2011, 8-6-2011 എന്നീ തീയതികളിലായി താങ്കൾ നികുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച അപേക്ഷകളിന്മേൽ, മേൽ നടപടിക്കായി സൂചന 1,2 പ്രകാരം ഈ ഓഫീസിലേക്ക് കൈമാറുകയുണ്ടായി. പ്രസ്തുത അപേക്ഷകളിന്മേൽ ഈ ഓഫീസിൽ നിലവിൽ ലഭ്യമായ മുഴുവൻ വിവരങ്ങളും ചുവടെ ചേർക്കുന്നു. ഈ ഓഫീസിൽ ലഭ്യമല്ലാത്തതും ശേഷിക്കുന്നതുമായ വിവരങ്ങൾക്ക് താഴെ സൂചിപ്പിക്കുന്ന ജില്ലകളിലെ ഡെപ്യൂട്ടി കമ്മീഷണർമാരുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസുകളുമായി ബന്ധപ്പെട്ട് വിവരങ്ങൾ നേരിട്ട് ശേഖരിക്കാവുന്നതാണ്.

ചോദ്യം 1:- കേരളത്തിലെ ഹോം സ്റ്റേകൾക്ക് ലക്ഷറി ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ [illegible] ഹോംസ്റ്റേകൾക്ക്? എത്ര രൂപ

0669053

കളുള്ള ഹോം സ്റ്റേകൾക്ക്? എത്ര ശതമാനം വീതമാണ് ലക്ഷ്വറി ടാക്സ് ഏർപ്പെടുത്തിയിരിക്കുന്നത് ?

ഉത്തരം :2 കേരള ആഡംബര നികുതി നിയമം, 1976 പ്രകാരം ഹോംസ്റ്റേകൾക്ക് ലക്ഷ്വറി ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ടി നിയമത്തിന്റെ 2 (df) വകുപ്പ് പ്രകാരം ഹോം സ്റ്റേ എന്ന പദം നിർവചിച്ചിട്ടുണ്ട്. അതി പ്രകാരമാണ് " home stay means an accommodation provided in a residential building or house or apartments or part there of with three rooms or above, where any person can stay for comfort or pleasure for consideration", താമസ സൗകര്യം ഉൾപ്പെടെയുള്ള സൗകര്യങ്ങൾക്കും സേവനങ്ങൾക്കുമായി പ്രതിദിനം ആയിരം രൂപയോ കൂടുതലോ ഈടാക്കുന്നുണ്ടെങ്കിൽ അരശതമാനം ആഡംബര നികുതിയാണ് ഇവയ്ക്കുമേൽ നിശ്ചയിച്ചിരിക്കുന്നത്.

2) 2008-2009, 2009-10, 2011 കാലയളവിൽ എത്ര രൂപയാണ് ലക്ഷ്വറി ടാക്സ് ഇനത്തിൻ ഹോംസ്റ്റേ നടത്തുന്നവരിൽ നിന്നും കേരള സർക്കാരിനു ലഭിച്ചു ? ലക്ഷ്വറി ടാക്സ് നൽകാത്തതിന്റെ പേരിൽ ആർക്കെങ്കിലുമെതിരെ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആർക്കൊക്കെ എതിരെ? എന്തു നടപടി?

ഉത്തരം 2:- ടാക്സ് ഇനത്തിൽ ഹോട്ടലുകളിൽ നിന്നും 2008-09 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച നികുതി വരുമാനം ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച നികുതി വരുമാനം കോടിയിൽ |
|---|---|
| 2008-09 | 159.46 |
| 2009-10 | 195.31 |
| 2010-11 | 234.32 |

ഈ ചോദ്യവുമായി ബന്ധപ്പെട്ട ശേഷിക്കുന്ന വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമല്ല. അവ ജില്ലകളിലെ ഡെപ്യൂട്ടി കമ്മീഷണർമാരുടെ കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുമായ ബന്ധപ്പെട്ട് നേരിട്ട് ശേഖരിക്കേണ്ടതാണ്.

ചോദ്യം 3: ലക്ഷ്വറി ടാക്സ് കൂടാതെ മറ്റേതെങ്കിലും തരത്തിലുള്ള ടാക്സുകൾ ഹോം സ്റ്റേകൾക്ക് ചുമത്തുന്നുണ്ടോ?

ഉത്തരം 3) വാണിജ്യ നികുതി വകുപ്പ് ചുമത്താറില്ല.

ചോദ്യം 4 :- കേരളത്തിൽ പ്രവർത്തനമാരംഭിച്ച "സർവ്വീസ്ഡ് വില്ലകൾക്ക്" ഏതെങ്കിലും നികുതി ചുമത്തുന്നുണ്ടോ? ഉണ്ടെങ്കിൽ എങ്ങിനെ

ഉത്തരം 4 :- സർവീസ്ഡ് വില്ലകൾ, ഹോംസ്റ്റേകകൾ/ഹോട്ടലുകൾ എന്നിവയുടെ നിർവ്വചനത്തിനുള്ളിൽ വരികയാണെങ്കിൽ അവയ്ക്കുമേൽ നികുതി ബാദ്ധ്യത വരുന്നതായിരിക്കും വിശദാംശങ്ങൾ വകുപ്പിന്റെ വെബ്സൈറ്റായ www.kerala taxes.gov.in ൽ ലഭ്യമാണ് .

ചോദ്യം5:- 2008-2009,2009-10,2011 കാലയളവിൽ ലക്ഷ്വറി ടാക്സ് ഇനത്തിൽ കേരളത്തിലെ ഹോട്ടലുകളിൽ നിന്നും എത്ര രൂപാ സർക്കാറിനു ലഭിച്ചു.

ഉത്തരം 5: ഉത്തരം 2 കാണുക

ചോദ്യം 6:- 2008-09, 2009-10, 2011 കാലയളവിൽ വിനോദ നികുതി ഇനത്തിൽ കേരളത്തിലെ ഹോട്ടലുളിൽ നിന്നും എത്ര രൂപാ സർക്കാരിനു ലഭിച്ചു.

ഉത്തരം 6:- വിനോദനികുതി സംബന്ധിച്ചുള്ള വിവരങ്ങളൊന്നും തന്നെ ഈ വകുപ്പിൽ ലഭ്യമല്ല. അവ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും നേരിട്ട് ശേഖരിക്കേണ്ടതാണെന്ന് അറിയിച്ചുകൊള്ളുന്നു

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ-II

Copy to അപേക്ഷയുടെ പകർപ്പ് സഹിതം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/മാനേജർ വാണിജ്യനികുതി ജില്ലാ ഡെപ്യൂട്ടി കമ്മീഷണറുടെ കാര്യാലയം Thiruvananthapuram Kollam, Pathanamthitta, Alappuzha , Idukki, Kottayam , Ernakulam, Mattancherry, Thirssur, Palakkad , Kozhikode, Kannur , Kasaragod, Malappuram. Wayanad. അറിവിലേക്കും തുടർ നടപടികൾക്കുമായി

എ.എസ്സ്



"GOVERNMENT OF KERALA - 2009

Recd/PO 4696

COURT FEE INDIA TEN RUPEES

11213

FORM

( See Rule 3)

(Application to be submitted for information under Right to Information Act.2005)

Name of Office / Institution with Address) : അഡീ. ഇൻഫർമേഷൻ ഓഫീസർ, നികുതി വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

(1) Full name of the Applicant : എം.പി. ശിവദത്തൻ, [illegible] വീട്, കുമ്പളങ്ങി P.O. കൊച്ചി - 682007

(2) Address

Ph: 9349253124.

(3) Particulars of Information required (Specify the category of subject also) : (1) കേരളത്തിലെ ഹോട്ടലുകൾക്ക് ലക്ഷ്വറി ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം ഹോട്ടലുകൾക്ക്? ഏതു ഗ്രേഡിലുള്ള ഹോട്ടലുകൾക്ക്? ഏതു വർഷം മുതലാണ് ലക്ഷ്വറി ടാക്സ് ഏർപ്പെടുത്തിയിരിക്കുന്നത്?

(2) 2008-2009, 2009-2010, 2011 കാലയളവിൽ എത്ര തുകയാണ് കേരളത്തിലെ ഹോട്ടൽ നടത്തുന്നവരിൽ നിന്നും കേരള സർക്കാരിന് പിരിഞ്ഞു കിട്ടി? ലക്ഷ്വറി ടാക്സ് നൽകാത്തതിന്റെ പേരിൽ ആർക്കെങ്കിലും എതിരെ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആർക്കെല്ലാം എതിരെ? എന്ത് നടപടി?

7G

(3) ലക്ഷ്വറി ടാക്സ് കൂടാതെ മറ്റേതെങ്കിലും തരത്തിലുള്ള ടാക്സുകൾ ഹോട്ടലുകൾക്ക് ചുമത്തുന്നുണ്ടോ?

(4) കേരളത്തിൽ എന്തെങ്കിലും "സർവീസ് ടാക്സ്" വിഭാഗങ്ങൾ ഏതെങ്കിലും നിലനിൽക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം?

(5) 2008-2009, 2009-2010, 2011 കാലയളവിൽ വിനോദനികുതിയിനത്തിൽ കേരളത്തിലെ ഹോട്ടലുകളിൽ നിന്നും എത്ര സർക്കാരിന് ലഭിച്ചു?

(4) Year of which the information pertains :

(5) Other relevant reference, if any : 2008-2009, 2009-2010, 2010-2011 കാലയളവ്

Place : കുമ്പളങ്ങി

Date : 8/6/2011

എന്ന് വിശ്വസ്തൻ

[signature]

M.P. Sivadathan

Ph: 9349253124